"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കുലക്കല്ലൂർ വില്ലേജിലുള്ള 38 സെന്റ് സ്ഥലത്ത് (കുലക്കല്ലൂർ ഗ്രാമപഞ്ചായത്ത്) ലൈഫ് മിഷനിലെ മൂന്നാം ഘട്ട ഗുണഭോക്താക്കൾക്കായി ഭവന സമുച്ചയം നിർമ്മിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Ms) No.204/2020/LSGD തീയതി,തിരുവനന്തപുരം, 30/12/2020

പരാമർശം:- 1 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09/03/2020-ലെ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12/08/2020-ലെ 4.65-ാം നമ്പർ തീരുമാനം.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21/01/2020, 03/03/2020,10/08/2020-എന്നീ തീയതികളിലെ LF3/CH/Life/20-ാം നമ്പർ കത്തുകൾ.

4 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16/09/2020 തീയതിയിലെ LF3/CH/Life/20-ാം നമ്പർ റിപ്പോർട്ട്.

5 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/09/2020-ലെ 2.4(4.65)-ാം നമ്പർ തീരുമാനം

**ഉത്തരവ്**

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിൽ കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതിക്കായി ത്രിതല പഞ്ചായത്തുകളിൽ നിന്നു ലഭിച്ചതിൽ ബാക്കി വന്ന തുകയും പലിശയുമടക്കം വിവിധ ബാങ്കുകളിലായി 1,50,48,658/- (ഒരു കോടി അൻപത് ലക്ഷത്തി നാൽപ്പത്തിയെണ്ണായിരത്തി അറുനൂറ്റി അൻപത്തിയെട്ട്) രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക കൂടി ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കുലക്കല്ലൂർ വില്ലേജിലുള്ള 3 8 സെന്റ് സ്ഥലത്ത് (കുലക്കല്ലൂർ ഗ്രാമ പഞ്ചായത്ത്) ലൈഫ് മിഷനിലെ മൂന്നാം ഘട്ട ഗുണഭോക്താക്കൾക്കായി ഭവന സമുച്ചയം നിർമ്മിക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ചും കൂടാതെ Kerala Electrical Alliened Engineering company Ltd (KEL) മുഖേന ഫ്ലാറ്റ് പണിയാൻ അനുമതി നൽകണമെന്നും പരാമർശം ( 1 ) പ്രകാരം പട്ടാമ്പി

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി.

കോ ഓർഡിനേഷൻ കമ്മിറ്റിക്കു നൽകിയ ആദ്യ കത്തു പ്രകാരം 5.10 കോടി രൂപ ചെലവിൽ 3 4 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കാനായാണ് ഉദ്ദേശിച്ചിരുന്നതെന്നും പുതുക്കിയ കത്തു പ്രകാരം 2,23,50,000/- രൂപ അടങ്കലിൽ 1 2 കുടുംബങ്ങൾക്കായി ഫ്ലാറ്റ് പണിയാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഒരു ഫ്ലാറ്റിന് ശരാശരി 18.625 ലക്ഷം രൂപ ചെലവ് വരുമെന്നും ഇത് വളരെ കൂടുതലാണെന്ന് യോഗം വിലയിരുത്തിയതിനാൽ ഇത് ഒന്നു കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പരാമർശം ( 2) പ്രകാരം ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇതു സംബന്ധിച്ച റിപ്പോർട്ട് പരാമർശം ( 4 ) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

12/08/2020 കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും 12 ഭവനങ്ങളടങ്ങിയ സമുച്ചയത്തിന് അനുബന്ധപ്രവൃത്തികളടക്കം 1,73,87,000/- രൂപയാണ് അടങ്കൽ നിശ്ചയിച്ചിട്ടുള്ളതെന്നും(ഒരു യൂണിറ്റിന് ഏകദേശം 14.50 ലക്ഷം രൂപ) ലൈഫ് മിഷൻ നേരിട്ട് നടപ്പാക്കുന്ന ഭവന സമുച്ചയങ്ങൾക്ക് അനുബന്ധപ്രവൃത്തികളടക്കം 14.50 ലക്ഷം രൂപ വരുന്നുണ്ടെന്നും ഈ നിരക്ക് നീതീകരിക്കാവുന്നതാണ് എന്നും ബ്ലോക്ക് പഞ്ചായത്തു സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ്, ലൈഫ് മിഷൻ എഞ്ചിനീയറിങ് വിഭാഗം പരിശോധിച്ച് സാങ്കേതിക ന്യൂനതകൾ ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കുന്നതാണെന്നും പരാമർശം ( 4 ) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. നിർമ്മാണത്തിന്റെ മൊത്തം ചെലവിൽ 1,05,70,000/- രൂപ ബ്ലോക്ക് പഞ്ചായത്തും 25,00,000/- രൂപ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തും ബാക്കി വരുന്ന 43,17,000/- രൂപ ലൈഫ് മിഷൻ വിഹിതവുമാണ്. അതു പ്രകാരം ഒരു ഭവനത്തിന് 3.60 ലക്ഷം രൂപയാണ് ലൈഫ് മിഷൻ വിഹിതമായി നൽകേണ്ടത്(മൊത്തം ചെലവിന്റെ ഏകദേശം 25% ).

ഇക്കാര്യം 23/09/2020 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും പരാമർശം ( 5 ) പ്രകാരം തീരുമാനമാവുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടി കൂടാതെ Kerala Electrical Alliened Engineering company Ltd (KEL) മുഖേന ഫ്ലാറ്റ് പണിയാൻ ഏൽപിക്കാവുന്നതല്ല, സിവിൽ പ്രവൃത്തികൾക്കുള്ള മറ്റ് അംഗീകൃത ഏജൻസികളെ കൂടി ഉൾപ്പെടുത്തി മാന ദണ്ഡപ്രകാരമുള്ള ടെണ്ടർ നടപടി സ്വീകരിക്കുകയോ ഇ-ടെണ്ടർ വിളിക്കുകയോ ചെയ്യേണ്ടതാണ് എന്ന നിബന്ധനയോടെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശ അനുസരിച്ചുള്ള നിരക്കു പ്രകാരം(1 2 ഭവനങ്ങളടങ്ങിയ സമുച്ചയത്തിന്

അനുബന്ധപ്രവൃത്തികളടക്കം 1,73,87,000/- രൂപ അതായത് ഒരു യൂണിറ്റിന് ഏകദേശം 14.50 ലക്ഷം രൂപ ) ഭവന സമുച്ചയം നിർമ്മിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ്, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by
REENAMMA P A
Date: 2021.01.14 16:02:10 IST
Reason: Approved
സെക്ഷൻ ഓഫീസർ